നമ്പർ: WCD-E1/4800/2021

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി : 18/06/2021

## പരിപത്രം

വിഷയം – വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – 2021 ലെ പൊതു സ്ഥലംമാറ്റം – അപേക്ഷ സമർപ്പിക്കുന്നതിന് പുതുക്കിയ സമയക്രമം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന – ഈ കാര്യാലയത്തിൽ നിന്നുള്ള 30/04/2021 ഇതേ നമ്പർ പരിപത്രം

വനിതാ ശിശു വികസന വകുപ്പിലെ സ്ഥിരം ജീവനക്കാരിൽ നിന്നും 2021 ലെ പൊതുസ്ഥലംമാറ്റത്തിനായി സൂചന പ്രകാരം അപേക്ഷ ക്ഷണിക്കുകയും അപേക്ഷ സമർപ്പിക്കുന്നതിന് സമയക്രമം നിശ്ചയിക്കുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനാൽ അപേക്ഷകൾ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ലോക്ക് ഡൗൺ ഇളവ് നൽകി സർക്കാർ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനായി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ വകുപ്പിലെ പ്രോഗ്രാം ഓഫീസർ, ജില്ലാ വനിതാ ശിശുവികസന ഓഫീസർ ഒഴികേയുള്ള മറ്റ് തസ്തികകളിലെ ജീവനക്കാർക്ക് 2021 വർഷത്തെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് ചുവടെ പറയും പ്രകാരം പുതുക്കിയ സമയക്രമം പുറപ്പെടുവിക്കുന്നു.

- <u>വകുപ്പിലെ ജീവനക്കാർ കാര്യാലയ മേധാവിയുടെ ശുപാർശയോട് കൂടി ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി</u> : <u>**23/06/2021, 04.00 pm**</u>
- <u>ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അപേക്ഷകൾ കാറ്റഗറി തിരിച്ച് പ്രത്യേകം ആമുഖ കത്തോട് കൂടി വനിതാ ശിശുവികസന ഡയറക്ടറേറ്റിൽ അപേക്ഷ എത്തിക്കുന്നതിനുള്ള അവസാന തീയതി</u> : <u>**29/06/2021, 04.00 pm**</u>

വകുപ്പിലെ ജീവനക്കാരുടെ 2021 ലെ പൊതുസ്ഥലംമാറ്റത്തിന്റെ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽ പറയുന്ന സമയക്രമം ഈ വിഷയം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും കർശനമായും പാലിക്കേണ്ടതാണ്. 29/06/2021, 04.00 pm ശേഷം ഈ കാര്യാലയത്തിൽ ലഭിക്കുന്നതും, സൂചന പരിപത്രത്തിലെ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതുമായ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ യാതൊരു അറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.
ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, ഐ. റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ